കഞ്ചാവിന്റെയും ഹഷീഷിന്റെയും അനധികൃത വില്പന

1458. [2062] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ:
,, കാനം രാജേന്ദ്രൻ:
,, എം. കെ. കേശവൻ:
,, കെ. വി. സുരേന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു വ്യാപകമായി കഞ്ചാവും ഹഷീഷും വൻതോതിൽ അനധികൃതമായി പ്രചരിപ്പിച്ചിരിക്കുന്നതായും വില്പന നടത്തുന്നതായും ഉള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(സി) 1985-ൽ സംസ്ഥാനത്ത് എവിടെ നിന്നെല്ലാം കഞ്ചാവും ഹഷീഷും പിടിച്ചെടുത്തിട്ടുണ്ട് ;

(ഡി) പിടിച്ചെടുത്ത സാധനങ്ങൾക്ക് മൊത്തം എന്തു വില വരും;

ഉത്തരം

(എ) ഇല്ല. എന്നാൽ ഒറ്റപ്പെട്ട ചിലകേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) കഞ്ചാവുകൃഷി കണ്ടുപിടിച്ചു നശിപ്പിക്കുന്നതിനും, കഞ്ചാവു വില്പന തടയുന്നതിനും മറ്റുമായി പോലീസ്, വനം, റവന്യൂ, എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനത്തിന് ഒരുപദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു)

II. ശ്രദ്ധക്ഷണിക്കൽ

(1) കോഴിക്കോടു വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനത്തിലുണ്ടായിട്ടുള്ള കാലതാമസം

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : സർ, കോഴിക്കോട് വിമാനത്താവളം 4-ാം പഞ്ചവൽസരപദ്ധതിയിൽ അംഗീകരിച്ചതാണ്. അന്നു മുതൽ 9.30 A.M.] ഇന്നുവരെ ഈ വിമാനത്താവളം ഉടൻ വരും, എന്നുള്ള പ്രതീതിയാണ് എപ്പോഴും ഗവൺമെന്റുഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരുന്നത്. 7-ാം പഞ്ചവൽസര പദ്ധതി നടക്കുന്ന ഈ സന്ദർഭത്തിൽപോലും ഈ വിമാനത്താവളത്തിന്റെ പണി പൂർത്തീകരിക്കുന്ന നിലയിലല്ല ഇന്നതിന്റെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നത്. പല ഘട്ടത്തിലും പണി തുടങ്ങിയി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. അത് പലപ്പോഴും നിന്നുപോയിട്ടുണ്ട്. 1985-ൽ ഇതിന്റെ തറ നിരപ്പ് ആക്കുമെന്നും ബാക്കി കരാറുകാരെ എല്ലാം കൊടുത്തുകഴിഞ്ഞുവെന്നും 1987 ആകുമ്പോഴേക്കും വിമാനത്താവളത്തിന്റെ പണി പൂർത്തീകരിക്കാൻ കഴിയുമെന്നും ഇവിടെ സഭയിൽ 107-ാമതു ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിതന്നതാണ്. പക്ഷേ ഇന്നും അതിന്റെ പ്രവൃത്തി പഴയ രീതിയിൽത്തന്നെ തുടർന്നുപോവുകയാണ്. നമുക്കറിയാം പഴയ മലബാർ പ്രദേശം വികസനത്തിന്റെ കാര്യത്തിൽ വളരെയധികം അവഗണിക്കപ്പെട്ട പ്രദേശമായിരുന്നു. 1957-ൽ കമ്മ്യൂണിസ്റ്റു ഗവൺമെന്റു വന്ന കാലത്തുമാത്രമാണ് ഒരു മെഡിക്കൽകോളേജ് അവിടെ സ്ഥാപിച്ചത്. അതുതന്നെ 177 ഏക്കർ സ്ഥലം അന്ന് ഗവൺമെന്റിന്റെ കൈയിൽ ഉണ്ടായതുകൊണ്ടുകൂടിയാണ് ആ മെഡിക്കൽകോളേജ് അവിടെ സ്ഥാപിക്കാൻ കഴിഞ്ഞത്. അക്വിസിഷൻ വരുമായിരുന്നെങ്കിൽ അതും നീണ്ടുപോകുമായിരുന്നു. അതിനുശേഷം മലബാർ ഭാഗത്ത് താരതമ്യേന മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് നോക്കുകയാണെങ്കിൽ കാര്യമായ വികസനമൊന്നും നടന്നിട്ടില്ലായെന്നുള്ളത് ഒരു ദുഃഖ സത്യമാണ്. ഉദാഹരണമായി ഇവിടെ കിട്ടേണ്ടിയിരുന്ന കോച്ച് ഫാക്ടറി പഞ്ചാബിലേക്ക് പിടിച്ചുകൊണ്ടുപോയി. ഒരു വിമാനത്താവളം വന്നാൽ സാധാരണക്കാരന് പ്രത്യക്ഷത്തിൽ ഗുണമുണ്ടാകുമോയെന്ന് ചോദിച്ചാൽ അത്തരം പ്രത്യക്ഷത്തിൽ ഒന്നുമില്ലെങ്കിലും വ്യവസായികൾക്ക് വരാനും കൂടുതൽ വ്യവസായങ്ങൾ ഉണ്ടാകാനും മറ്റു സ്വാഭാവത്തിലുള്ള കൂടുതൽ വികസനം ഉണ്ടാകാനും വേണ്ടിയിട്ടാണ് വിമാനത്താവളം വരണമെന്ന് ഞങ്ങളെപ്പോലുള്ള ആളുകൾ പറയുന്നത്. നമ്മുടെ ചുറ്റുഭാഗത്തുമുള്ള വിവിധ വിമാനത്താവളങ്ങളുടെ മാപ്പ് എടുത്തു പരിശോധിച്ചാൽ, മംഗലാപുരം—ബാഗ്ളൂർ, കോയമ്പത്തൂർ—തിരുവനന്തപുരം—എറണാകുളം ഈ വിമാനത്താവളങ്ങളുടെയിടയിൽ ഗ്യാപ്പ് നിലനില്ക്കുന്നുണ്ടെന്നും മനസ്സിലാകും. ആ ഗ്യാപ്പ് ഇല്ലാതാക്കാൻ തീർച്ചയായും കോഴിക്കോട്ടോ അതിനോടുബന്ധപ്പെട്ട സ്ഥലത്തോ ഒരു വിമാനത്താവളം വരണം. കോഴിക്കോട് വിമാനത്താവളം എന്നു പറയുന്നുണ്ടെങ്കിലും ഇന്നത് മലപ്പുറം ജില്ലയിൽ കരിപ്പൂരിലാണ് സ്ഥാപിച്ചിട്ടുള്ളത്. ഏതായാലും ആ വിമാനത്താവളം എത്രയും വേഗം വരണം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 15-3-1985 ലുള്ള ഒരു ചോദ്യത്തിൽ കേന്ദ്ര പൊതുമരാമത്തു വകുപ്പിന്റെ ഒരു നിർദ്ദേശം ഉണ്ട്. അതിൽ പ്രധാനമായിട്ടും പറഞ്ഞിട്ടുള്ളത് അപ്രോച്ച് റോഡ്, ആശുപത്രി, ഷോപ്പിംഗ് കോമ്പ്ലക്സ്, പോലീസ് സ്റ്റേഷൻ, പോസ്റ്റാഫീസ് എന്നിവ കേരളാഗവൺമെന്റു ഉണ്ടാക്കണമെന്നാണ് കേന്ദ്രപൊതുമരാമത്തുവകുപ്പുമന്ത്രി നിർദ്ദേശിച്ചിട്ടുള്ളത്. അതിന്റെ കാര്യം എന്തായി എന്നുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞാൽ തരക്കേടില്ല. ഈ വക കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് എത്രയും പെട്ടെന്ന് ആ വിമാനത്താവളത്തിന്റെ പണി പൂർത്തിയാക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

കോഴിക്കോട് പ്രത്യേകിച്ച് മലബാർമേഖല സ്പോർട്സിനു ആവേശമുള്ള പ്രദേശങ്ങളാണ്. അത്തരം പ്രദേശങ്ങളിൽ ഫെഡറേഷൻ കപ്പ് തുടങ്ങിയ അന്താരാഷ്ട്ര മൽസരങ്ങളെല്ലാം നടക്കുമ്പോൾ വിദേശ രാജ്യങ്ങളായ അമേരിക്ക, ബ്രിട്ടൻ, ചൈന, ജപ്പാൻ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള സ്പോർട്സ് താരങ്ങൾക്കും മറ്റും വളരെ പെട്ടെന്ന് വന്നുപോകാനുള്ള സൗകര്യംകൂടി ഇതുമൂലം നിഷേധിക്കപ്പെടുകയാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾകൂടി കണക്കിലെടുക്കണം. കൊച്ചിയിലാണ് കഴിഞ്ഞ വർഷം നെഹ്റു കപ്പ് നടന്നത് ഇപ്പോൾ അത് തിരുവനന്തപുരത്തായി. കോഴിക്കോട്ടുനടത്തുന്നതിന് ആവശ്യപ്പെട്ടതാണ്. ഇക്കൊല്ലം തീർച്ചയായിട്ടും അത് കോഴിക്കോട്ടുവച്ച് നടത്താം എന്ന് പറഞ്ഞതാണ്. നിർഭാഗ്യവശാൽ കിട്ടിയില്ല. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. അത്തരം ചില കാര്യങ്ങളിൽ കൂടി ഞങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളുടെ ആ പ്രദേശങ്ങളെ അവഗണിക്കപ്പെടുന്നുവെന്ന് മനസ്സിലാക്കി എത്രയും വേഗം ഈ വിമാനത്താവളത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം എന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1983 ഏപ്രിൽ മാസത്തിലാണ് കോഴിക്കോട് വിമാനത്താവളത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. ഭൂമി നിരപ്പാക്കൽ നടപടി തുടർന്നുകൊണ്ടിരിക്കുകയാണ്. ഉടനെതന്നെ ആ പണി പൂർത്തിയാകും. അതോടൊപ്പംതന്നെ റൺവേ, ടെർമിനൽ ബിൽഡിംഗ് എന്നിവയെ സംബന്ധിച്ച് എല്ലാനടപടികളും പൂർത്തിയായി അതിനുവേണ്ട ടെണ്ടറുകൾ ക്ഷണിച്ചുകഴിഞ്ഞിട്ടുണ്ട്. റെസിഡൻഷ്യൽ കമ്പോണന്റിന്റെ പണി വളരെ പുരോഗമിക്കുന്നുണ്ട്. അത് എത്രയും പെട്ടെന്ന് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അപ്രോച്ച് റോഡ് വീതികൂട്ടിയാൽ വിമാനത്താവളത്തിന് പുറത്ത് പൊതുജനങ്ങൾക്കാവശ്യമായ ആശുപത്രി, പോലീസ് സ്റ്റേഷൻ, മറ്റു ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് തുടങ്ങിയവ ഏർപ്പെടുത്തുന്ന കാര്യത്തിനുവേണ്ട നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കോഴിക്കോട് വിമാനത്താവളം മലബാർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന കാര്യമാണ്. അത് സാധാരണക്കാരനെ ബാധിക്കുകയില്ലായെന്ന് പറയുന്നതുപോലും ശരിയല്ല. കാരണം കേരളത്തിൽനിന്നും വിദേശത്തുപോയിട്ടുള്ള സാധാരണക്കാരായ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് തിരുവനന്തപുരത്തോ എറണാകുളത്തോ വന്നിറങ്ങി ടാക്സി പിടിച്ച് പോവുക വളരെ പ്രയാസമായ ഒരു കാര്യമാണ്. അതുകൊണ്ട് അത് സാധാരണക്കാരന്റെകൂടി പ്രശ്നമാണ്. മാത്രമല്ല മലബാർ പ്രദേശത്തിന്റെ പൊതുവായ വികസനത്തിനും അത് വളരെ സഹായകരമായിരിക്കും പ്രത്യേകിച്ച് വിദേശികളുമായി ബന്ധമുള്ള വ്യാപാരികൾക്കും മറ്റു തൊഴിലുകളിൽ ഏർപ്പെട്ടുകഴിയുന്ന ആളുകൾക്കും വളരെയധികം സഹായകരമായിരിക്കും. ഈയൊരു സാഹചര്യത്തിൽ അതിന്റെ പണി കഴിയുന്നത്ര വേഗം പൂർത്തിയാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഇൻഡ്യാ ഗവൺമെന്റിന്റെ ശ്രദ്ധ കാലാകാലങ്ങളിലുള്ള ഗവൺമെന്റുകൾ കൊണ്ടുവന്നിട്ടുണ്ട്. ഇപ്പോൾ കിട്ടിയിട്ടുള്ളതായ വിവരം അനുസരിച്ച് 1987 ഡിസംബറിൽ ഇതിന്റെ പണി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അതിന് ആവശ്യമായ എല്ലാ സത്വര നടപടികളും സ്വീകരിക്കുന്നുണ്ട്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: 1987-ൽ തന്നെ ഇതിന്റെ പണി പൂർത്തിയാക്കുന്നതിനാവശ്യമായ അലോട്ട്മെന്റുണ്ടോ ? അതിനെക്കുറിച്ച് മുഖ്യമന്ത്രി പറഞ്ഞില്ല.

ശ്രീ. കെ. കരുണാകരൻ: പണത്തിന്റെ കുറവുകൊണ്ട് ഇതുവരെ പണിയൊന്നും മുടങ്ങിയിട്ടില്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

(2) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കടലോര പ്രദേശങ്ങളിൽ ശുദ്ധജല ദൗർലഭ്യം മൂലം ഉളവായിട്ടുള്ള ഗുരുതരസ്ഥിതി

[അദ്ധ്യക്ഷ വേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, എന്റെ നിയോജക മണ്ഡലത്തിലെ ശുദ്ധജല വിതരണത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട ജലസേചനവകുപ്പു മന്ത്രി ശ്രീ. എം. പി. ഗംഗാധരനോട് അഞ്ചേയറ്റം കടപ്പാടും ബാദ്ധ്യതയും

LIBRARY ARCHIVES Kerala Legislative Assembly